(ബി) വിദേശ മദ്യച്ചട്ടത്തിലെ 13(3), 13 എ, 13 ബി വകുപ്പുകൾ അനുസരിച്ചാണ് പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുന്നത്. നിലവിൽ മൂന്നു സ്റ്റാറിനും അതിനു മുകളിലുമുള്ള ഹോട്ടലുകൾക്കും ഹെറിറ്റേജ് വിഭാഗത്തിലുള്ള ഹോട്ടലുകൾക്കും ബാർ ലൈസൻസുകൾ അനുവദിക്കാവുന്നതാണ്.

നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ രേഖാമൂലം അതത് ജില്ലകളിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കാണ് സമർപ്പിക്കേണ്ടത്. നിശ്ചിത യോഗ്യതയുണ്ടോ എന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ പരിശോധിച്ച ശേഷം ശുപാർശ സഹിതം എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കുന്നു. ടി അപേക്ഷകൾ സർക്കാരിന്റെ അനുമതിയോടെ എക്സൈസ് കമ്മീഷണർ അനുവദിക്കുന്നു.

(സി) 513 എണ്ണം.

(ഡി)

5 സ്റ്റാർ	.. 5
4 സ്റ്റാർ	.. 9
3 സ്റ്റാർ	.. 54
2 സ്റ്റാറും, 2 സ്റ്റാർ നിലവാരമുള്ളതും	.. 422
ഹെറിറ്റേജ്	.. 3
സ്റ്റാർ നിലവാരമില്ലാത്തത്	.. 9

വിൽപ്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

16 [191] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ആഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ ഡിസംബർ മാസം 30-ാം തീയതിവരെ വിൽപ്പന നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2003 ആഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ 2003 ഡിസംബർ മാസം 30-ാം തീയതിവരെ കേരളത്തിലെ വിൽപ്പന നികുതിയിൽ പിരിച്ചെടുത്ത തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ഇനി എത്ര രൂപ കൂടി സ്വരൂപിക്കുവാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്; വിൽപ്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷത്തിൽ 2004 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ 2004 ഡിസംബർ 30-ാം തീയതി വരെ വിൽപ്പന നികുതി ഇനത്തിൽ 2,729.68 കോടി രൂപ സർക്കാരിന് ലഭിച്ചു.

(ബി) 2425.70 കോടി രൂപ പിരിച്ചെടുത്തു.

(സി) ഇനി 2717.54 കോടി രൂപ കൂടി വിൽപ്പന നികുതി ഇനത്തിൽ സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly